പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 946 — 03.12. 2014 ൽ മറുപടിക്ക്.

## പ്രസ്സ് തൊഴിലാളികളുടെ ക്ഷേമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) പ്രസ് തൊഴിലാളികളുടെ മിനിമം കൂലി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) സംസ്ഥാനത്തെ സ്വകാര്യ പ്രിന്റിംഗ് പ്രസ്സുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം അവസാനമായി പുതുക്കി നിശ്ചയിച്ചത് 10.08.2010 ലെ സ. ഉ (എം.എസ്) നമ്പർ. 95/2010/ തൊഴിൽ പ്രകാരമാണ്. പ്രസ്തുത മിനിമം വേതനം വീണ്ടും പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സർക്കാർ നിർദ്ദേശപ്രകാരം മിനിമം വേതന ഉപദേശക സമിതി സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ് തൊഴിലാളികൾക്ക് ഒരു ഐ. ആർ. സി. രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ; | (ബി) പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ് തൊഴിലാളികൾക്ക് ഐ. ആർ. സി. രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്. |
| സി) പ്രസ് തൊഴിലാളികൾക്ക് ക്ഷേമനിധി കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) പ്രസ് തൊഴിലാളികൾക്ക് മാത്രമായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നത് പ്രായോഗിക മല്ലാത്തതിനാൽ ടി തൊഴിലാളി കളെ കേരള അസംഘടിത തൊഴിലാളി ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നത് പരിഗണി ക്കാവുന്നതാണ്. |

സെക്ഷൻ ആഫീസർ.